**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5490** **24-03-2025 - ൽ മറുപടിയ്ക്ക്**

**നോർക്ക -വിദേശ ആരോഗ്യ മേഖലയിലെ ജോലി സാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്ത് ആരോഗ്യ മേഖലയിലെ ജോലി സാധ്യതയ്ക്കായി നോർക്കയുടെ ആഭിമുഖ്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | വിദേശ രാജ്യങ്ങളിലെ ആരോഗ്യ മേഖലയിലേക്ക് കേരളത്തിൽ നിന്നും യോഗ്യതയുള്ള നഴ്സുമാരെയും ഡോക്ടർമാരെയുമാണ് പ്രധാനമായും റിക്രൂട്ട് ചെയ്തു വരുന്നത്. വിദേശ രാജ്യങ്ങിലെ സർക്കാരും നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ വയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ തികച്ചും സുതാര്യവും സുരക്ഷിതവും നിയമപരവുമായ രീതിയിലാണ് നിയമന നടപടികൾ നോർക്ക റൂട്ട്സ് മുഖേന നടത്തി വരുന്നത്.<br><br>സൗദി ആരോഗ്യമന്ത്രാലയത്തിലേക്ക് പ്രതിവർഷം 100 ഓളം നഴ്സുമാരെ റിക്രൂട്ട് ചെയ്തു വരുന്നു. കുവൈറ്റ് നാഷണൽ ഗാർഡിലേക്ക് 31 ഡോക്ടർമാരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. യു.കെ എൻ.എച്ച്.എസ്-ലെ Humber and North Yorkshire Health & Care Partnership ലേക്ക് ഏകദേശം 260 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. നോർക്ക റൂട്ട്സും ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും തമ്മിൽ പ്രതിവർഷം 600 നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് എഗ്രിമെന്റ് വയ്ക്കുകയും ഇതേ വരെ 650 പേരെ ജർമനിയിലേക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.<br><br>വെയിൽസിലെ ആരോഗ്യമേഖലയിലേക്ക് പ്രൊഫഷണലുകളെ റിക്രൂട്ട് ചെയ്യുന്നതിന് 2024 മാർച്ച് ഒന്നിന് നോർക്ക റൂട്ട്സും വെയിൽസ് ആരോഗ്യമന്ത്രിയും മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ധാരണാ പത്രം ഒപ്പ വച്ചിട്ടുണ്ട്. ഇതേ വരെ 358 നഴ്സുമാരെയും 36 ഡോക്ടർമാരെയും റിക്രൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഹയർ സെക്കന്ററിയിൽ ബയോളജി ഒരു വിഷയമായി പഠിച്ച കുട്ടികൾക്ക് ജർമനിയിൽ വൊക്കേഷണൽ നഴ്സിംഗ് പഠനത്തിനും തുടർന്ന് ജോലിക്കും അവസരം ലഭിക്കുന്ന ട്രിപിൾ വിൻ ട്രെയിനി പ്രോഗ്രാമിന് 2024 ഫെബ്രുവരി 13 ന് എഗ്രിമെന്റ് വയ്ക്കുകയും ഇതേ വരെ 8 കുട്ടികൾ ജർമനിയിൽ നഴ്സിംഗ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാനഡയിലെ ന്യൂ ഫോണ്ട് ലാന്റ് ആന്റ് |

| | | | |
|---|---|---|---|
| | | | ലാബ്രഡോർ പ്രവിശ്യയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ഇതേ വരെ 200 നഴ്സുമാരെ സെലക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഡെൻമാർക്ക്, ആസ്ട്രേലിയ, ഇറ്റലി എന്നീ രാജ്യങ്ങളിലേക്ക് നഴ്സുമാരുടെ റിക്രൂട്ട്മെന്റ് ആരംഭിക്കുന്നതിന് വിവിധ തലത്തിൽ ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ